# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5072    30.06.2014-ൽ മറുപടിയ്ക്ക്**

**<u>അന്യസംസ്ഥാന തൊഴിലാളികളുടെ മാവോയിസ്റ്റ് ബന്ധം</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാജേഷ് | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) അന്യസംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണം നടത്തിയിട്ടുണ്ടോ ; | (എ) അന്യസംസ്ഥാന തൊഴിലാളികളെ ജോലിക്കായി കൊണ്ടു വരുന്ന ഏജന്റുമാരോ കോൺട്രാക്ടർമാരോ അവരുടെ പേരും മേൽവിലാസവും ഫോട്ടോയും സഹിതമുള്ള വിവരങ്ങൾ അതാത് പോലീസ് സ്റ്റേഷനുകളിൽ അറിയിക്കേണ്ടതാണെന്നും പ്രസ്തുത വിവരങ്ങൾ പോലീസ് സ്റ്റേഷനുകളിലെ മൈഗ്രന്റ് ലേബറേഴ്സ് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളും അവരുമായി ബന്ധപ്പെട്ട വ്യക്തികളെയും സസൂക്ഷ്മം നിരീക്ഷിച്ചു വരുന്നുണ്ട്. ഇപ്പോൾ അന്യസംസ്ഥാന തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവർക്ക് തിരിച്ചറിയൽ രേഖകൾ നൽകുന്നതിനുമുള്ള ചുമതല ലേബർ വകുപ്പിനാണ്. |
| ബി) ഇവർ മാവോയിസ്റ്റ് - തീവ്രവാദ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിനെതിരെ ആവശ്യമായ കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (ബി) ആവശ്യമായ കരുതൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. മുൻ കാലങ്ങളിൽ അന്യസംസ്ഥാന തൊഴിലാളികൾ എന്ന വ്യാജേന ചില മാവോയിസ്റ്റുകൾ കേരളത്തിൽ വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്താൽ അവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തും അറസ്റ്റ് ചെയ്തും നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇത്തരക്കാർക്കെതിരെ സംസ്ഥാന പോലീസ് മതിയായ ജാഗ്രത പുലർത്തി വരുന്നുണ്ട്. |
| സി) ഇതു സംബന്ധിച്ച് ജില്ലാ തലത്തിൽ അന്വേഷണ സംഘങ്ങളെ നിയമിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (സി) ജില്ലകളിലെ പോലീസ് സംവിധാനം ആവശ്യമായ അന്വേഷണം നടത്താൻ പര്യാപ്തമാണ്. |

സെക്ഷൻ ഓഫീസർ